# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **2839** 17/10/2016 -ൽ മറുപടിക്ക്

## കാസർഗോഡ് ജില്ലയിലെ കാൻസർ രോഗവർദ്ധന

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.ബി. അബ്ദുൽ റസ്സാക്ക്** | | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ കാൻസർ രോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഒരു പ്രത്യേക മേഖലയിൽ അർബുദ രോഗം കൂടി വരുന്നുണ്ടോ എന്നതിനെ സംബന്ധിച്ച് നാളിതു വരെ പഠനങ്ങളൊന്നും തന്നെ നടത്തിയിട്ടില്ല. എന്നാൽ വിവിധ ആശുപത്രികളിൽ ചികിത്സയ്ക്കെത്തിയ രോഗികളുടെയും തുടർ ചികിത്സയ്ക്കെത്തിയവരുടെയും കണക്ക് പരിശോധിച്ചാൽ കാൻസർ രോഗം വർദ്ധിച്ച വരുന്നതായി കാണുന്നു. |
| ബി) | കാസർഗോഡ് ജില്ലയിൽ എത്ര കാൻസർ രോഗികൾ ഉണ്ടെന്നുള്ളതു സംബന്ധിച്ച വിവരം ലഭ്യമാണോ; എങ്കിൽ വിശദാംശം അറിയിക്കുമോ; | ബി) | കാസർഗോഡ് ജില്ലയിൽ നിന്നും കാൻസർ ചികിത്സയ്ക്കായി വിവിധ ആശുപത്രികളിൽ എത്തിയവരുടെ കണക്കുകൾ ചുവടെ ചേർക്കുന്നു.<br>1. കാസർഗോഡ് ജില്ലാ മെഡിക്കൽ ഓഫീസറുടെ ക്യാൻസർ രജിസ്റ്റർ പ്രകാരം 664 ക്യാൻസർ രോഗികൾ പ്രസ്തുത ജില്ലയിൽ നിന്നും ചികിത്സ തേടിയിട്ടുണ്ട്.<br>2. കാസർഗോഡ് ജില്ലയിൽ നിന്നും മലബാർ കാൻസർ സെന്ററിൽ 2011 മുതൽ 2014 വരെ ആകെ 1757 കാൻസർ രോഗികൾ ചികിത്സ തേടിയിട്ടുണ്ട്.<br>3. തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ കഴിഞ്ഞ 14 വർഷത്തെ കണക്കുകൾ പ്രകാരം ആകെ 1936 രോഗികൾ കാസർഗോഡ് ജില്ലയിൽ നിന്നും ചികിത്സ തേടിയിട്ടുണ്ട്. |
| സി) | ഇത് സംബന്ധിച്ച് മലബാർ കാൻസർ കെയർ സൊസൈറ്റി പഠനം നടത്തിയിട്ടുണ്ടോ; | സി) | ഇതു സംബന്ധിച്ച് പ്രത്യേക പഠനങ്ങളൊന്നും നടത്തിയിട്ടില്ല. |
| ഡി) | ഇല്ലെങ്കിൽ ജില്ലയിലെ കാൻസർ രോഗികളുടെ വർദ്ധന സംബന്ധിച്ച് പഠനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ? | ഡി) | പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ